LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

116(2836) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതനവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) നിലവിൽ സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ പിൻതുടരുന്ന ചട്ടങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്തെ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിന് സർക്കാർ ഓർഡിനൻസ് (2021-ലെ 51) പുറപ്പെടുവിച്ചിട്ടുണ്ട്.

സി-ആപ്റ്റിലെ ജീവനക്കാർ

117(2837) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിലെ ജീവനക്കാരുടെ ഓവർടൈം വേതനം മണിക്കൂറിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; ഇത് എന്നാണ് പ്രബല്യത്തിൽ വന്നതെന്നും വേതനം പുതുക്കി നിശ്ചയിക്കുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ എന്നും അറിയിക്കുമോ?

സി-ആപ്റ്റിന്റെ 14-8-2007-ലെ കെ. എസ്.എ.വി.ആർ.സി/ 3794/07 നമ്പർ ഉത്തരവുപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ് മണിക്കൂറിൽ 20 രൂപയായി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു. തുടർന്ന് 19-11-2013-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 4998/ K3/11/HEDN നമ്പർ കത്ത് പ്രകാരം ലോട്ടറി ജോലികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ ഓവർടൈം അലവൻസ് മണിക്കൂറിൽ 40 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. സി-ആപ്റ്റിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയും സി-ആപ്റ്റിലെ നല്ലൊരു

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം ജീവനക്കാരും ജോലിഭാരം അധികമില്ലാത്ത സബ് സെന്ററുകളിലാണ് ജോലി നോക്കുന്നതെന്ന വസ്തുതയും കണക്കിലെടുത്താണ് ഓവർടൈം അലവൻസ് വർദ്ധിപ്പിച്ചു നൽകാത്തത്. ജോലിഭാരം അധികമില്ലാത്ത സബ് സെന്ററുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ജോലിഭാരം കൂടുതലുള്ള സമയങ്ങളിൽ ഹെഡ് ഓഫീസിൽ ചുരുങ്ങിയ കാലയളവിലേയ്ക്ക് പുനർവിന്യസിച്ച് സ്ഥാപനത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകാത്തവിധം ജോലികൾ പൂർത്തിയാക്കുകയാണ് ചെയ്യുന്നത്.

(ബി) പ്രസ്തുത ജീവനക്കാരുടെ ഇ.പി.എഫ്. വിഹിതം അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സി-ആപ്റ്റിലെ ജീവനക്കാരുടെ നാളിതുവരെ വിതരണം ചെയ്ത ശമ്പളത്തിന്റെ ഇ.പി.എഫ്. വിഹിതം അടച്ചിട്ടുണ്ട്.

(സി) സി-ആപ്റ്റിലെ എത്ര ജീവനക്കാർ കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ അൺഓതറൈസ്ഡ് ആബ്സന്റ് ആയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇവർ ആരൊക്കെയെന്നും ഇവരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളെന്നും വ്യക്തമാക്കാമോ?

നിലവിൽ സി-ആപ്റ്റിലെ 68 ജീവനക്കാർ അൺഓതറൈസ്ഡ് ആബ്സന്റാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*. നിലവിൽ സർക്കാർ ജീവനക്കാരുടെ പരമാവധി ശൂന്യവേതനാവധി 5 വർഷമായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. സി-ആപ്റ്റിലെ ജീവനക്കാർക്കും ടി ഉത്തരവ് ബാധകമാക്കിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സെന്ററിലെ അൺഓതറൈസ്ഡ് ആബ്സന്റ് ആയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെയും സ്വീകരിച്ചുവരുന്നു.

എഞ്ചിനീയറിംഗ് പഠനം മാതൃഭാഷയിൽ

118(2838) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാതൃഭാഷയിലും എഞ്ചിനീയറിംഗ് പഠനമാകാമെന്ന ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിർദ്ദേശം സംബന്ധിച്ച് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.